**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർക്ക് പുതിയ വാഹനം വാങ്ങുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1600/2017/തസ്വഭവ                തിരുവനന്തപുരം, തീയതി, 16.05.2017.

=================================================================

പരാമർശം:- 1. 22.10.2016-ലെ നിയമസഭാ സെക്രട്ടറിയുടെ 4646/സബ്.സി.ഡി2/2016/നി.സെ നമ്പർ കത്ത്.

2. 16.12.2016 എന്നീ തീയതിയിലെ സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 3583/എഫ്.ഡി/16/സം.തി.ക. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത്തെ റിപ്പോർട്ടിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർക്ക് പുതിയ വാഹനം വാങ്ങുന്നതിന് 22 ലക്ഷം രൂപ "2015-00-101-99-21-1 മോട്ടോർ വാഹനങ്ങൾ വാങ്ങൽ" എന്ന ശീർഷകത്തിൽ അനുവദിക്കാൻ സമിതി ശുപാർശ ചെയ്തിരുന്നു.

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ നിലവിൽ ഉപയോഗിക്കുന്ന വാഹനം കാലപഴക്കം ഉള്ളതിനാൽ പുതിയ വാഹനം വാങ്ങുന്നതിലേക്കായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് 22 ലക്ഷം രൂപ അനുവദിക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർക്ക് പുതിയ വാഹനം വാങ്ങുന്നതിലേക്കായി 10,00,000/- രൂപ (10 ലക്ഷം രൂപ) "2015-00-101-99-21-1 മോട്ടോർ വാഹനങ്ങൾ വാങ്ങൽ" എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.കെ.ജോസ്**

**പ്രിൻസിപ്പൽ സെക്രട്ടറി.**

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി വെള്ളയമ്പലം.
ധനകാര്യ വകുപ്പ്
തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ